# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4162 16.03.2017-ലെ മറുപടി

### വാഹനങ്ങളിൽ ലഭ്യമാക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പല പ്രദേശങ്ങളിലും മോശമായ കുടിവെള്ളം വാഹനങ്ങളിൽ കൊണ്ടുനടന്ന് അമിതവിലയ്ക്ക് നൽകി ജനങ്ങളെ കബളിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;<br>സി) ഇപ്രകാരം കുടിവെള്ളം അമിതവിലയ്ക്ക് വില്ക്കുന്ന സംവിധാനങ്ങളെ നിയന്ത്രിക്കുന്നതിനും പ്രസ്തുത വാഹനങ്ങളിലെ വെള്ളത്തിന്റെയും വാട്ടർ ടാങ്കിന്റെയും ഗുണനിലവാരവും വെള്ളത്തിന്റെ അളവും പരിശോധിക്കുന്നതിനും പ്രത്യേക സ്ക്വാഡുകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ | എ, ബി & സി | ഇതു സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ജലവിതരണ നിയമം 2008 Sec 38 A(2), 46 (B), 52 (A), 61 (A) എന്നിവ പാലിക്കുന്നതിനും ഇത് നടപ്പിലാക്കുന്നതിന് റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പരിശോധനാ ടീമിനെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിരം ജലസ്രോതസ്സുകൾ മലിനമാക്കുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും ജനങ്ങളുടേയും മേൽ നോട്ടവും ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഇത്തരം പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് നടത്തി വരുന്നു. സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ കിയോസ്കുകൾ പ്രായോഗികമല്ലാത്തും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്ന സാമ്പിളുകളും വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിച്ച് ഫലം അറിയിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ഡി | ഇത്തരത്തിൽ വാഹനങ്ങളിൽ കൊണ്ടുവന്ന് കൊടുക്കുന്ന കുടിവെള്ളത്തിന് അമിത തുക ഈടാക്കാതിരിക്കുന്നതിനായി ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ; | ഡി | ജില്ലാ ഭരണകൂടങ്ങൾ ഇത്തരം കാര്യങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ | കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ അതോറിറ്റിയ്ക്ക് പദ്ധതിയുണ്ടോ; വിശദമാക്കുമോ? | ഇ | ടാങ്കർ വഴിയുള്ള ജലവിതരണം റവന്യൂ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടത്തുന്നത്. ഇത്തരത്തിൽ വിതരണം നടത്തുന്നതിന് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലകളിൽ നിന്നും ജല സംഭരണികളിൽ നിന്നും നൽകാനുള്ള സംവിധാനം സാദ്ധ്യമായ സ്ഥലങ്ങളിൽ എല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ